**ലേഖനം**
**വി.എസ്.ശിവകുമാർ**
**ആരോഗ്യ-കുടുംബക്ഷേമ, ദേവസ്വം വകുപ്പുമന്ത്രി**

മേയ് 15, 2013

# വെല്ലുവിളികളെ നേരിട്ട് ബഹുദൂരം മുന്നിൽ

ആരോഗ്യരംഗത്തെ കേരളമാതൃക വീണ്ടും പ്രകീർത്തിക്കപ്പെടുകയാണ്. ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, സ്ത്രീ-പുരുഷ അനുപാതം, പ്രജനനനിരക്ക് തുടങ്ങിയ ആരോഗ്യസൂചികകളിൽ നമ്മുടെ സംസ്ഥാനം വികസിതരാജ്യങ്ങളുടേതിന് തുല്യമായ നേട്ടം കൈവരിച്ചുകഴിഞ്ഞു. പ്രതിരോധകുത്തിവയ്പ്പ്, കുടുംബാസൂത്രണം, ആയുർദൈർഘ്യം എന്നിങ്ങനെ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പല മേഖലകളിലും കേരളം ഇതര സംസ്ഥാനങ്ങളേക്കാൾ ബഹുദൂരം മുന്നിലാണ്. എന്നാൽ ഈ നേട്ടങ്ങൾക്കൊപ്പം ഒട്ടേറെ വെല്ലുവിളികളും ആരോഗ്യമേഖലയിൽ സംജാതമായിക്കഴിഞ്ഞു. ജീവിതശൈലീ രോഗങ്ങളുടെ വ്യാപനം, പകർച്ചവ്യാധികൾ, നിർമ്മാർജ്ജനം ചെയ്യപ്പെട്ട മലേറിയ പോലുള്ള രോഗങ്ങളുടെ തിരിച്ചുവരവ്, റോഡപകടങ്ങൾ, വർധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ, കൂടിക്കൊണ്ടിരിക്കുന്ന വൃദ്ധജനസംഖ്യ എന്നിവയാണ് അവയുടെ മുൻനിരയിൽ നിൽക്കുന്നത്. അവയെ ഫലപ്രദമായി നേരിടാൻ വിവിധങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

എല്ലാവർക്കും ആരോഗ്യം; അതിനുതകുന്ന ആരോഗ്യമേഖല - ഇതാണ് നമ്മുടെ ലക്ഷ്യം. ആരോഗ്യത്തിനുള്ള അവകാശം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങളും സംസ്ഥാന സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ആരോഗ്യരംഗത്തെ ആഗോളനേട്ടങ്ങളെല്ലാം ഇന്ന് കേരളത്തിൽ ലഭ്യമാണ്. എന്നാലത് സാധാരണക്കാരിൽ പലർക്കും അപ്രാപ്യമാണ്. അത് കേരളത്തിലുള്ള സർക്കാർ ആശുപത്രികളിലൂടെ ലഭ്യമാക്കാനുതകുന്ന വിധത്തിലുള്ള കർമ്മപരിപാടികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. സംസ്ഥാനത്തിന് സ്വന്തമായി ഒരു സമഗ്ര ആരോഗ്യനയം പ്രഖ്യാപിച്ചുകഴിഞ്ഞു. ആരോഗ്യമേഖലയിൽ ജനങ്ങൾക്കുവേണ്ടി ചെയ്യാനുദ്ദേശിക്കുന്ന പരിപാടികളും ക്ഷേമപ്രവർത്തനങ്ങളുമെല്ലാം മുൻകൂട്ടി വ്യക്തമാക്കുന്നതാണ് ഈ നയപ്രഖ്യാപനം. സുതാര്യതയും നിഷ്പക്ഷതയും നിർവ്വഹണശേഷിയും ഉറപ്പുവരുത്താനുള്ള ജനാധിപത്യ പ്രക്രിയയുടെ വിളംബരമാണിത്. ജനമനസ്സുകളെ തൊട്ടറിഞ്ഞ്, അവരുടെ ആവശ്യങ്ങൾക്കനുസരിച്ചും സമൂഹത്തിന്റെ ശേഷിക്കനുസരിച്ചും വിദഗ്ധരാൽ തയ്യാറാക്കപ്പെട്ടതാണ് നമ്മുടെ ആരോഗ്യനയം. വിവിധ തലങ്ങളിലായി, പൊതുജനസമക്ഷം അവതരിപ്പിച്ച്, അവരിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും യഥോചിതം സമന്വയിപ്പിച്ചുകൊണ്ടാണ് അതിന് രൂപം നൽകിയത്.

സംസ്ഥാനത്ത് നിലവിലുള്ള മാനസികാരോഗ്യ ചികിത്സാ സൗകര്യങ്ങളെപ്പറ്റിയും ചികിത്സയുടെ ആവശ്യകതയെപ്പറ്റിയും വിശദമായി വിശകലനം ചെയ്യുന്ന സമഗ്ര മാനസികാരോഗ്യ നയവും സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. രണ്ടായിരത്തിൽ തയ്യാറാക്കിയ മാനസികാരോഗ്യനയരൂപരേഖയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തിയാണ് പുതിയ നയം തയ്യാറാക്കിയിട്ടുള്ളത്. മാനസികാരോഗ്യ പരിരക്ഷ ആവശ്യമുള്ള എല്ലാവർക്കും അത് ലഭ്യമാക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ, അതിനുള്ള വ്യവസ്ഥകൾ എന്നിവയെല്ലാം ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്. മാനസികാരോഗ്യ ചികിത്സയെ പൊതുചികിത്സാ രംഗത്തിന്റെ ഭാഗമാക്കുകയാണ് ലക്ഷ്യം. കുട്ടികൾ, യുവജനങ്ങൾ, സ്ത്രീകൾ, വൃദ്ധജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽപ്പെട്ട എല്ലാവർക്കും മാനസികാരോഗ്യ പരിരക്ഷ അത്യാവശ്യമാണ്.

ആരോഗ്യമേഖലയിൽ ആശുപത്രികളുടെ വികസനം, ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനലഭ്യത, ആവശ്യത്തിന് മരുന്നുകൾ എന്നീ കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ ചികിത്സാ കേന്ദ്രങ്ങളിലും വികസനപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ഇതേത്തുടർന്ന്, ഇന്ത്യയിലെ ജനറൽ ആശുപത്രിക്കുള്ള ആദ്യത്തെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ കരസ്ഥമാക്കിക്കൊണ്ട് എറണാകുളം ജനറൽ ആശുപത്രിയും, ആദ്യത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കുള്ള എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ സ്വന്തമാക്കിക്കൊണ്ട് തൈക്കാട് ആശുപത്രിയും, ആദ്യത്തെ താലൂക്കാശുപത്രിക്കുള്ള അക്രഡിറ്റേഷൻ നേടിയെടുത്തുകൊണ്ട് ചേർത്തല ആശുപത്രിയും ദേശീയ ശ്രദ്ധ പിടിച്ചുപറ്റി. ആലുവ ഗവൺമെന്റ് ബ്ലഡ് ബാങ്കും എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ സ്വന്തമാക്കി. ആദ്യഘട്ടത്തിൽ എല്ലാ ജില്ലകളിലെയും ഓരോ ആശുപത്രികൾ വീതം തിരഞ്ഞെടുത്ത് അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വികസനപ്രവർത്തനങ്ങളും സേവനമികവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

സാധാരണക്കാരായ രോഗികൾക്ക് മികച്ച നിലവാരത്തിലുള്ള ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഘട്ടംഘട്ടമായി "കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്" എന്ന പദ്ധതി നടപ്പിലാക്കുകയാണ്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലെയും രണ്ട് സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, രണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ഒരു താലൂക്കാശുപത്രി എന്നിവയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ, വെള്ളറട സി.എച്ച്.സികൾ, ചെമ്മരുതി, മംഗലപുരം, വട്ടിയൂർക്കാവ്, ചെങ്കൽ പി.എച്ച്.സികൾ ഇടുക്കിയിലെ അറക്കുളം പി.എച്ച്.സി എന്നിവ ഇതിനകംതന്നെ കാഷ് അംഗീകാരം നേടിക്കഴിഞ്ഞു. ഇന്ത്യയിലാദ്യമായി സംസ്ഥാനതലത്തിൽ അക്രഡിറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിലാണ്.

സംസ്ഥാനത്തെ പ്രധാന റോഡുകളോടുചേർന്നുള്ള, വാഹനാപകടങ്ങളിൽ പെടുന്നവർ കൂടുതലായി എത്തുന്ന ഇരുപത് ആശുപത്രകളിൽ ട്രോമ കെയർ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു. ഇപ്പോൾ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് സൗകര്യമുണ്ട്. തൃശ്ശൂർ, പത്തനംതിട്ട, ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത് ലഭ്യമാക്കിക്കഴിഞ്ഞു. ഈ ജില്ലകളിൽ ഡയാലിസിസ് യൂണിറ്റുകൾ ഉടൻ ആരംഭിക്കും. തിരഞ്ഞെടുത്ത താലൂക്കാശുപത്രികളിലും യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. എറണാകുളം ജില്ലയിൽ ജനറൽ ആശുപത്രിയിലും ആലുവ ഗവൺമെന്റ് ആശുപത്രിയിലും യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. തിരഞ്ഞെടുത്ത 27 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ കാരുണ്യ പദ്ധതിപ്രകാരം 46 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ പി.എച്ച്.സി കളിലും ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, കോഴിക്കോട്, കണ്ണൂർ, എറണാകുളം റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ, കൊല്ലം, ആലപ്പുഴ ജില്ലാ പബ്ലിക് ഹെൽത്ത് ലാബുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാണ്. മെഡിക്കൽ കോളേജുകൾ ; ജനറൽ, ജില്ല, താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, തിരഞ്ഞെടുത്ത പി.എച്ച്.സി കൾ എന്നിവയിലെ ലാബ് സൗകര്യം വിപുലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 25 ഉം ആലപ്പുഴ ജില്ലയിൽ 18 ഉം അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് 108 ആംബുലൻസുകൾ ലഭ്യമാക്കി കഴിഞ്ഞു. പുതിയ 6 എണ്ണം കൂടി ഉടൻ ലഭ്യമാക്കും. 287 ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകളും 283 രോഗികളെ കൊണ്ടുപോകുന്നതിനുള്ള ആംബുലൻസുകളും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

വിവിധ സർക്കാറാശുപത്രികളിലെ റേഡിയേഷൻ സുരക്ഷാ വിഭാഗങ്ങൾ, ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്ടി മുഖാന്തിരം ശക്തിപ്പെടുത്തി. ആറായിരത്തോളം എക്സ്-റേ, സി.ടി. സ്കാൻ, മാമോഗ്രാഫി, കാത്‌ലാബ് യൂണിറ്റുകളിൽ 80 ശതമാനത്തിലും റേഡിയേഷൻ സുരക്ഷാ

മാനദണ്ഡങ്ങൾ ഏർപ്പെടുത്തി. 1250 യൂണിറ്റുകൾക്ക് കേന്ദ്ര അറ്റോമിക് എനർജി റഗുലേറ്ററി ബോർഡിന്റെ ലൈസൻസ് / രജിസ്ട്രേഷൻ ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനം ദേശീയമാതൃക സൃഷ്ടിച്ചു. മറ്റ് 9 സംസ്ഥാനങ്ങൾ കേരള മാതൃകയിൽ റേഡിയേഷൻ സേഫ്ടി വിഭാഗം രൂപീകരിക്കുന്നതിന് തയ്യാറെടുക്കുകയാണ്.

30 വർഷങ്ങൾക്കുമുമ്പ് (1983 നു മുമ്പ്) ആരംഭിച്ച 5 മെഡിക്കൽ കോളേജുകൾ മാത്രമാണ് നമ്മുടെ സർക്കാർ മേഖലയിലുള്ളത്. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിലെത്താൻ സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി പുതിയ 8 ഗവ. മെഡിക്കൽ കോളേജുകൾ കൂടി ആരംഭിക്കുകയാണ്. എല്ലാ ജില്ലകളിലും ഗവ. മെഡിക്കൽ കോളേജുകൾ തുടങ്ങുവാനാണ് തീരുമാനം. തിരുവനന്തപുരം, കോന്നി, ഹരിപ്പാട്, ഇടുക്കി, പാലക്കാട്, മഞ്ചേരി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലാണ് ഇവ തുടങ്ങുന്നത്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഈ വർഷംതന്നെ ക്ലാസ്സുകളാരംഭിക്കും. ഹരിപ്പാട് മെഡിക്കൽ കോളേജ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ജനറൽ ആശുപത്രിയും, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും ചേർത്തുകൊണ്ട് പുതിയ മെഡിക്കൽ കോളേജ് വരുന്നതോടെ തിരുവനന്തപുരം ജില്ലക്ക് ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് കൂടി ലഭിക്കും.

സംസ്ഥാനത്ത്, പ്രാഥമികാരോഗ്യകേന്ദ്രങ്ങളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ തുടങ്ങാൻ നടപടി സ്വീകരിച്ചു. ഇതനുസരിച്ച് 12 പഞ്ചായത്തുകൾക്ക് പി.എച്ച്.സികൾ തുടങ്ങാൻ അനുമതി നൽകി. ശേഷിക്കുന്ന 12 പഞ്ചായത്തുകളിൽ ഇവ ആരംഭിക്കുന്നതിന് നടപടികളാരംഭിക്കുകയും ചെയ്തു.

1961-ലെ സ്റ്റാഫ് പാറ്റേണാണ് ആരോഗ്യവകുപ്പിൻെറ ആശുപത്രികളിലുള്ളത്. ഇത് ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായുള്ള ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് സ്റ്റാഫുകളുടെയും കുറവു പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിൻെറ ഭാഗമായി ജനറൽ കാറ്റഗറിയിൽ 216 ഡോക്ടർമാരുടെ തസ്തികയും സ്പെഷ്യലിസ്റ്റ് കാറ്റഗറിയിൽ 30 തസ്തികയും സൃഷ്ടിച്ചു. ഇതുകൂടാതെ, പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് 929 അസിസ്റ്റന്റ് സർജൻമാരെയും എൻ.ആർ.എച്ച്.എം വഴി 504 (VRS, Contract) പേരെയും നിയമിച്ചു. വരുംകാലത്തെ അസിസ്റ്റന്റ് സർജൻമാരുടെ കുറവ് മുൻകൂട്ടിക്കണ്ട് എമർജൻസി റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് സർക്കാർ ആവശ്യപ്പെട്ട പ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റ് തയ്യാറാക്കി. നിലവിലുണ്ടായിരുന്ന റാങ്ക്ലിസ്റ്റിൽ നിന്ന് മുഴുവൻപേരെയും നിയമിക്കുന്നതിനും നടപടി സ്വീകരിച്ചു. ഇതിന്റെഫലമായി സംസ്ഥാനത്തെ ജനറൽ കാറ്റഗറി ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തപ്പെട്ടു. കാസർഗോട് ജില്ലയിലെ 12 ഒഴിവുകളിലേക്കുള്ള നിയമനം മാത്രമാണ് ഇനി നടക്കാനുള്ളത്. അതിനുള്ള നടപടി പുരോഗമിക്കുകയാണ്. ചില വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കിട്ടാനില്ലാത്ത സാഹചര്യമുണ്ട്. ഇതിന് പരിഹാരം കാണാനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ആരോഗ്യവകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലുമായി 916 നേഴ്സുമാരുടെ തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സക്കെത്തുന്ന മുഴുവൻ രോഗികൾക്കും എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി 5 മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും ഇവയുടെ വിതരണം ആരംഭിച്ചു. 939 ഇനം മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്ന ഈ ബൃഹത് പദ്ധതി, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടന്നുവരികയാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വരെയുള്ള എല്ലാ ആശുപത്രികളിലും ജൂൺ, ജൂലൈ മാസത്തോടെ ഇവ വിതരണം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പെന്റാവാലന്റ് വാക്സിനും സംസ്ഥാനത്ത് സൗജന്യമാക്കിയിട്ടുണ്ട്. മരുന്നില്ലെന്ന പരാതി സംസ്ഥാനത്തെ ഒരു സർക്കാർ ആശുപത്രിയിൽ നിന്നും ഇപ്പോൾ ലഭിക്കുന്നില്ല.

സംസ്ഥാനത്തുടനീളം കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനും മരുന്ന് വില നിയന്ത്രിക്കുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന കാരുണ്യ ഫാർമസികൾ മരുന്ന് വിപണിയിൽ ശ്രദ്ധേയമായ മാറ്റങ്ങളാണ് സൃഷ്ടിക്കുന്നത്. 20 ശതമാനം മുതൽ 93 ശതമാനം വരെ വിലക്കുറവിലാണ് കാരുണ്യ ഫാർമസികൾ വഴി രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കിവരുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും കല്ലറ സി.എച്ച്.സി കളിലും ഫാർമസികൾ ആരംഭിച്ചുകഴിഞ്ഞു. ഇവയുൾപ്പെടെ 35 ഫാർമസികൾ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലും ജനറൽ, ജില്ലാ, താലൂക്കാശുപത്രികളിലുമായി 16 ഫാർമസികൾ ഉടൻ ആരംഭിക്കും. സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്ക്, അവരവരുടെ വീടുകളിൽ, രണ്ട് ശതമാനം അധിക ഡിസ്കൗണ്ടോടെ മരുന്ന് ലഭ്യമാക്കുന്ന കാരുണ്യ ഫാമിലി കാർഡ് പദ്ധതിയും വിജയകരമായി നടപ്പിലാക്കികഴിഞ്ഞു. ലോയൽറ്റി കാർഡുപയോഗിച്ച് മരുന്ന് വാങ്ങുന്നവർക്ക് രണ്ട് ശതമാനം അധിക ഡിസ്കൗണ്ടിനുപുറമേ ബോണസ് പോയിന്റ്കൂടി ലഭ്യമാക്കുന്ന പദ്ധതിയും ഇതോടൊപ്പം യാഥാർഥ്യമാക്കിയിട്ടുണ്ട്. നീതി സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, കമ്മ്യൂണിറ്റി ഫാർമസികൾ എന്നിവ വഴിയും മരുന്നുകൾ പരമാവധി വില കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

മരുന്ന് വില നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്കാണ്. നിലവിൽ 74 ഇനം മരുന്നുകൾ മാത്രമാണ് വിലനിലവാരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മരുന്നുകളുടെ വിലവർധനവ് കണക്കിലെടുത്ത് 348 ഇനം മരുന്നുകളെയും അതിന്റെ ചേരുവകളെയും ഉൾപ്പെടുത്തി 700 ലധികം മരുന്നുകളെ വിലനിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടി കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി പുതിയ ലാബുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഇപ്പോൾ തിരുവനന്തപുരത്തുമാത്രമാണ് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുള്ളത്. എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലാണ് പുതിയ ലാബുകൾ തുടങ്ങുന്നത്. മെഡിക്കൽ കോളേജുകളിൽ ഫാർമസി കോളേജുകൾക്ക് അനുബന്ധമായും മരുന്ന് പരിശോധനാ സംവിധാനം ഏർപ്പെടുത്തിവരികയാണ്.

നിലവാരം കുറഞ്ഞതും നിരോധിച്ചതുമായ മരുന്നുകളെക്കുറിച്ചുള്ള വിവരങ്ങൾ അതിവേഗം രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ അറിയുന്നുന്നതിനായി എസ്.എം.എസ് സംവിധാനം ഏർപ്പെടുത്തി.

ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെയുള്ള ജീവിതത്തിന്റെ വിവിധ ഘട്ടങ്ങൾക്ക് ആവശ്യമായ ആരോഗ്യസംരക്ഷണ–ചികിത്സാ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രസവചികിത്സയും നവജാതശിശുവിന്റെ 30 ദിവസം വരെയുള്ള ആരോഗ്യപരിരക്ഷയും സൗജന്യമാക്കിക്കൊണ്ടുള്ള അമ്മയും കുഞ്ഞും പദ്ധതി (ജെ.എസ്.എസ്.കെ) നടപ്പിലാക്കിക്കഴിഞ്ഞു. ചികിത്സാച്ചെലവുമാത്രമല്ല സ്കാനിംഗ് ഉൾപ്പെടെയുള്ള പരിശോധനകൾ, മരുന്നുകൾ, ആവശ്യമെങ്കിൽ രക്തം, വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള യാത്ര, പ്രസവത്തോടനുബന്ധിച്ചുള്ള ആശുപത്രിയിലെ താമസം, ഭക്ഷണം, ഗർഭകാലത്തും പ്രസവശേഷം 42 ദിവസംവരെയുള്ള ചികിത്സാച്ചെലവുകൾ എന്നിവയെല്ലാം ഈ പദ്ധതി പ്രകാരം സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. ഇവയ്ക്കെല്ലാം പുറമേ 1200 രൂപയുടെ പ്രത്യേക ധനസഹായവും നൽകുന്നുണ്ട്.

നവജാത ശിശുക്കളിലെ ജനിതകരോഗങ്ങളായ ബുദ്ധിമാന്ദ്യം, ഓട്ടിസം, അപസ്മാരം, തൈറോയ്ഡ് രോഗം മുതലായവ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള പുതിയ പദ്ധതിയാണ് ന്യൂബോൺ സ്ക്രീനിംഗ്. ഇന്ത്യയിലെതന്നെ ഇത്തരത്തിലുള്ള ഏറ്റവും വിപുലമായ സ്ക്രീനിംഗ് പ്രോഗ്രാമാണിത്. തിരഞ്ഞെടുക്കപ്പെട്ട 44 സർക്കാർ ആശുപത്രികളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഘട്ടംഘട്ടമായി മറ്റ് ആശുപത്രികളിലേക്കും വ്യാപിപ്പിക്കും. ഈ പദ്ധതി നടപ്പിലാക്കുന്ന ഇന്ത്യയിലെ മൂന്നാമത്തെ സംസ്ഥാനമാണ് നമ്മുടേത്. മൂന്ന് ദിവസം പ്രായമായ കുഞ്ഞുങ്ങളുടെ രക്തസാമ്പിൾ പി.എച്ച്.ലാബിൽ പരിശോധിച്ചാണ് ജനിതകരോഗങ്ങൾ ഉണ്ടോയെന്ന് നിർണ്ണയിക്കുന്നത്. പരിശോധനാഫലം പോസിറ്റീവെങ്കിൽ,

മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധ ചികിത്സ നൽകും. ഭാവിയിൽ മാരകമായി ബാധിച്ചേക്കാവുന്ന പല അസുഖങ്ങളിൽ നിന്നും ഒട്ടേറെ കുട്ടികളെ രക്ഷിക്കുവാൻ ഈ പദ്ധതിമൂലം സാധിക്കുന്നുണ്ട്.

സംസ്ഥാനത്തെ തിരഞ്ഞെടുത്ത 59 ഗവൺമെന്റ് ആശുപത്രികളിൽ അത്യാധുനിക സംവിധാനങ്ങളോടെയുള്ള നവജാതശിശു ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുകയാണ്. മൂന്ന് മെഡിക്കൽ കോളേജുകളിലും 9 ജില്ലാതല ആശുപത്രികളിലും സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റുകളും 47 താലൂക്കാശുപത്രികളിൽ സ്പെഷ്യൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകളുമാണ് ആരംഭിക്കുന്നത്. ഇവയിൽ ചിലതെല്ലാം ഉദ്ഘാടനം ചെയ്തുകഴിഞ്ഞു.

സംസ്ഥാനത്തെ 13,270 സ്കൂളുകളിലെ 48 ലക്ഷത്തോളം വിദ്യാർത്ഥികൾക്കുവേണ്ടി, വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കിവരുന്ന മറ്റൊരു ബൃഹത്പദ്ധതിയാണ് വിദ്യാലയാരോഗ്യ പദ്ധതി. എല്ലാ സ്കൂൾ കുട്ടികൾക്കും ഈ പദ്ധതിയിലൂടെ ചികിത്സയും മരുന്നും സൗജന്യമായി ലഭ്യമാക്കിവരുന്നുണ്ട്.

അയണിന്റെ അപര്യാപ്തതമൂലം ഉണ്ടാകുന്ന അനീമിയ, പ്രായഭേദമെന്യേ കണ്ടുവരുന്ന ആരോഗ്യപ്രശ്നമാണ്. എങ്കിലും ഇതുകൂടുതലായി ബാധിക്കുന്നത് കൗമാരപ്രായക്കാരെയാണ്. പഠനത്തിൽ പിന്നാക്കാവസ്ഥ, അശ്രദ്ധ, ഓർമ്മക്കുറവ്, ഉന്മേഷക്കുറവ് എന്നിവയെല്ലാം അയണിന്റെ കുറവുമൂലമുണ്ടാകുന്നു. ഇതു തടയുന്നതിന് സർക്കാർ അയൺ-ഫോളിക് ആസിഡ് പ്രതിവാര പോഷണ പരിപാടി സംസ്ഥാനത്തെ സ്കൂളുകളിലും അങ്കണവാടികളിലും നടപ്പിലാക്കിവരികയാണ്. 10 വയസ്സുമുതൽ 19 വയസ്സുവരെയുള്ള കുട്ടികൾക്കാണ് അയൺ ഗുളികകൾ സൗജന്യമായി നൽകിവരുന്നത്.

പരീക്ഷക്കാലത്ത് വിദ്യാർത്ഥികൾ നേരിടുന്ന മാനസിക സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിനായി ആരോഗ്യകേരളവും ആരോഗ്യവകുപ്പും സംയുക്തമായി 24 മണിക്കൂർ ദിശ-പരീക്ഷാ ഹെൽപ്പ്ലൈൻ ആരംഭിച്ചു. ടോൾഫ്രീ നമ്പർ 1056. സംസ്ഥാനത്തെ പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ദിശ ഹെൽപ്പ്ലൈൻ പ്രയോജനപ്പെടുത്തിവരികയാണ്.

ആരോഗ്യകേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വർധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളാണ്. പ്രമേഹരോഗത്തിന്റെ തലസ്ഥാനമായാണ് കേരളം അറിയപ്പെടുന്നത്. 27 ശതമാനം പുരുഷന്മാരും 19 ശതമാനം സ്ത്രീകളും പ്രമേഹ രോഗികളാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. 42 ശതമാനം പുരുഷന്മാരെയും 38 ശതമാനം സ്ത്രീകളെയും രക്താദിസമ്മർദ്ദം ബാധിച്ചിരിക്കുകയാണ്. 50 ശതമാനത്തിലധികം മരണങ്ങൾക്കും കാരണം ഇവയുൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങളത്രേ. ഇവയെ ഫലപ്രദമായി നേരിടുന്നതിന് അമൃതം ആരോഗ്യം എന്ന ബൃഹത് പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതുപ്രകാരം സബ്സെന്റർതലം മുതൽക്കുതന്നെ രോഗനിർണ്ണയം നടത്തി വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കിവരുന്നുണ്ട്. എൻ.പി.സി.ഡി.എസ് പദ്ധതിപ്രകാരം പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ക്ലിനിക്കുകൾ ആരംഭിച്ചു.

ആരോഗ്യ മേഖലയുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് ജീവിതശൈലീരോഗ നിയന്ത്രണത്തിനായുള്ള ഒരു വർഷത്തെ ഏഴിന കർമ്മ പരിപാടി സംസ്ഥാനത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്.

(1) 30 വയസ്സിനുമേൽ പ്രായമുള്ള ഒരു കോടി പേർക്ക് ജീവിതശൈലീരോഗ പരിശോധന. (2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടെയുള്ള ജീവിതശൈലീ സാക്ഷരതാ പരിപാടി (3) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള സമഗ്ര ബോധവത്ക്കരണ പരിപാടി (4) സ്കൂളുകളിൽ ജീവിതശൈലീ രോഗ-വിദ്യാഭ്യാസ ബോധവത്ക്കരണ പരിപാടി (5) ഉൾനാടൻ പ്രദേശങ്ങളിൽ ജീവിതശൈലീ രോഗ പരിശോധനയ്ക്കായുള്ള 'കെയർ ഓൺ വീൽസ് ആന്റ് കെയർ ഓൺ വേവ്സ്' പ്രോഗ്രാം (6) ഓഫീസുകളിലും ഫാക്ടറികളിലും പൊതുസ്ഥലങ്ങളിലും

ജീവിതശൈലീരോഗ പരിശോധനാ പരിപാടി (7) ആയുർവേദ ആശുപത്രികളിലും സ്കൂളുകളിലും യോഗ പരിശീലനം – എന്നിവയാണ് അവ.

സർക്കാർ മേഖലയിൽ ഏഴു ജില്ലകളിലെ സ്ഥാപനങ്ങളിൽ മാത്രമാണ് ക്യാൻസർ ചികിത്സാ സൗകര്യം ഉണ്ടായിരുന്നത്. 5 മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, തലശ്ശേരി മലബാർ ക്യാൻസർ സെന്റർ, എറണാകുളം ജനറൽ ആശുപത്രി എന്നിവയാണ് അവ. രോഗികളുടെ ബാഹുല്യവും അവരുടെ പലവിധങ്ങളായ പ്രയാസങ്ങളും കണക്കിലെടുത്ത് എല്ലാ ജില്ലകളിലേക്കും ക്യാൻസർ ചികിത്സാ സൗകര്യം വ്യാപകമാക്കുകയാണ്. കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് പുതിയ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിക്കുന്നത്.

സംസ്ഥാനത്ത് ജില്ലാതല മാനസികാരോഗ്യ പരിപാടി നടപ്പിലാക്കി. ഇത് പൊതുജനാരോഗ്യ രംഗത്ത് പുത്തൻ ഉണർവു പകർന്നു. ഇതര രോഗചികിത്സയ്ക്ക് ലഭിക്കുന്ന പരിഗണനയും പ്രാധാന്യവും മാനസികരോഗ ചികിത്സയ്ക്കും ലഭിക്കുന്നതിന് ഇത് നിമിത്തമായി. സൗജന്യ മാനസികാരോഗ്യ ചികിത്സ, ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും പ്രത്യേക പരിശീലനം, വിവിധ തലങ്ങളിലുള്ള വ്യക്തികൾക്ക് പൊതുജനബോധവൽക്കരണം, രോഗബാധിതരുടെ സാമൂഹികാധിഷ്ഠിത പുനരധിവാസം മുതലായ സേവനങ്ങളാണ് ഈ പരിപാടിയിലൂടെ ലഭ്യമാക്കുന്നത്. ഇതിന്റെ ഭാഗമായി ബോധന സ്ട്രസ്സ് മാനേജ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. കുട്ടികളുടെ സമ്പൂർണ്ണ മാനസികവികാസം ലക്ഷ്യമിട്ട് "തളിര്"സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാം ആരംഭിച്ചു.

സാന്ത്വന ചികിത്സാ സൗകര്യം എല്ലാ താലൂക്ക് ആശുപത്രികളിലേക്കും വ്യാപിപ്പിക്കുകയാണ്. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും സാന്ത്വന പരിചരണ യൂണിറ്റുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. നിലവിൽ സംസ്ഥാനത്തെ 736 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്ത് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

രോഗപ്രതിരോധ ചികിത്സാ പ്രവർത്തനങ്ങൾക്കായി ആരോഗ്യവകുപ്പിനുള്ള സുസ്സംഘടിതമായ സംവിധാനം ജനങ്ങൾക്ക് ഫലപ്രദമായി പ്രയോജനപ്പെടണമെങ്കിൽ സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്നും ആരംഭിക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പാക്കിയ സമഗ്ര ആരോഗ്യപരിപാടി പൊതുജനമുന്നേറ്റത്തിന്റെ വിജയഗാഥയായി. മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ "ആരോഗ്യകേരളം പുരസ്കാരങ്ങൾ" നൽകി ആദരിച്ചു. ഇതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ ആരോഗ്യമേഖലയിൽ ആശാവഹമായ കൂടുതൽ മാറ്റങ്ങൾക്ക് അവസരമൊരുക്കുവാനാകും. പകർച്ചവ്യാധി നിയന്ത്രണത്തിനായി വിവിധ വകുപ്പുകളുമായി സഹകരിച്ച് ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ 2012 ന്റെ അവസാനമാസങ്ങളിൽ സംസ്ഥാനവ്യാപകമായി നടത്തിയ ഡെങ്കിപ്പനി നിയന്ത്രണയജ്ഞം കൊതുകുനിയന്ത്രണത്തിന്റെ അനിവാര്യതയിലേക്കുള്ള വമ്പിച്ച ബഹുജനമുന്നേറ്റമായി.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികൾ സ്വീകരിക്കുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമായി ആരോഗ്യമന്ത്രി നേരിട്ട് നടത്തുന്ന ജില്ലാതല അദാലത്തുകൾ ഏപ്രിൽ 25 ന് തിരുവനന്തപുരത്ത് ആരംഭിച്ചു. ജൂൺ 8 ന് സമാപിക്കും. അദാലത്തുകൾക്ക് ശേഷം പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തും. ഇതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കും. അതത് ആശുപത്രികളിൽ വച്ച് പരിഹരിക്കാനാകുന്നവ അവിടെ വച്ചും അല്ലാത്തവ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലും മറ്റുള്ളവ, എല്ലാ മാസവും ആരോഗ്യമന്ത്രി തന്നെ നേരിട്ട് തിരുവനന്തപുരത്ത് വച്ചും പരിഹരിക്കും.

അനുബന്ധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം ആരോഗ്യമേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ലോട്ടറിവകുപ്പ്, സാമൂഹികനീതി വകുപ്പ്, പഞ്ചായത്ത് വകുപ്പ്, നഗരവികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ലേബർ വകുപ്പ്, പട്ടികജാതി–വർഗ്ഗ വികസന വകുപ്പുകൾ മുതലായവയുടെ പ്രവർത്തനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ലോട്ടറി വകുപ്പിന്റെ കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ക്യാൻസർ, ഹീമോഫീലിയ മുതലായവ ബാധിച്ച രോഗികൾക്ക് ചികിത്സാ സഹായമായി രണ്ട് ലക്ഷത്തോളം രൂപയാണ് നൽകി വരുന്നത്. ലേബർ വകുപ്പ് പ്രത്യേക ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി. "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ" , ക്യാൻസർ ചികിത്സ, ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ എന്നിവയ്ക്കായി 20,000 രൂപയുടെ ധനസഹായമാണ് നൽകിവരുന്നത്. സാമൂഹ്യനീതി വകുപ്പ് സംസ്ഥാനത്തെ ഒട്ടേറെ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സൗജന്യമായി നടത്തിവരികയാണ്. അഞ്ച് മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം ജനറൽ ആശുപത്രിയിലും കാരുണ്യ കൂട്ടിരിപ്പ് കേന്ദ്രങ്ങൾ തുടങ്ങാൻ 22.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സമാധാനാന്തരീക്ഷം നിലവിൽ വന്നു. രാജ്യത്താദ്യമായി ആശാ പ്രവർത്തകർക്ക് പ്രതിമാസ പാരിതോഷികം ഏർപ്പെടുത്തി. വയനാട്ടിലെ നൂറ് ആദിവാസികോളനികളിലുള്ളവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. അട്ടപ്പാടി ആദിവാസി മേഖലയിൽ പോഷകാഹാരക്കുറവുമൂലം ശിശുമരണങ്ങളുണ്ടായ സാഹചര്യം കണക്കിലെടുത്ത് ആരോഗ്യപാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചു. എൻഡോസൾഫാൻമൂലം രോഗം ബാധിച്ച മുഴുവൻപേരെയും കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കി. മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും എ.പി.എൽ, ബിപിഎൽ വ്യത്യാസമില്ലാതെ ജീവൻ രക്ഷാ ഔഷധങ്ങൾ ലഭ്യമാക്കി. ഗവൺമെന്റ് ഡെന്റൽ കോളേജുകളുടെ ആഭിമുഖ്യത്തിൽ മൊബൈൽ ഡെന്റൽ ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതിക്ക് കോട്ടയത്ത് തുടക്കമായി.

ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരായ അക്രമങ്ങൾ തടയുന്നതിനായി പ്രത്യേക നിയമം നടപ്പിലാക്കി. ആരോഗ്യരക്ഷാ സ്ഥാപനങ്ങളുടെ സ്വത്തിന് പ്രത്യേക പരിരക്ഷ നൽകുന്ന ശക്തമായ നിയമമാണിത്. സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി, 2010 ലെ കേന്ദ്ര നിയമ പ്രകാരം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കിവരികയാണ്. അത് നിയമമാകുന്നതോടെ ലാബുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ, ജീവനക്കാരുടെ യോഗ്യതകൾ, പാലിക്കേണ്ട നടപടിക്രമങ്ങൾ, ഈടാക്കാവുന്ന ഫീസ് തുടങ്ങിയവ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാകും. അതോടെ രോഗികളെ ലാബുകളുടെ ചൂഷണത്തിൽ നിന്നും മുക്തമാക്കാൻ കഴിയും.

നഴ്സിംഗ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും മിനിമം വേതനം നടപ്പാക്കുന്നതിലും ഫീസ് ഘടന നിശ്ചയിക്കുന്നതിലുമെല്ലാം സർക്കാർ യഥോചിതം ഇടപെടുകയുണ്ടായി. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ ആശുപത്രികളിൽ 653 നഴ്സുമാരുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിലുള്ള ആശുപത്രികളിൽ 275 നഴ്സുമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ചു. നഴ്സിംഗ് സമൂഹത്തിന്റെ ചിരകാലാഭിലാഷമായിരുന്ന യൂണിഫോം പരിഷ്കരണം സാധ്യമാക്കി. സ്വകാര്യ ആശുപത്രി നഴ്സുമാരുടെ വേതനം വർധിപ്പിച്ചു. നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് 25% അധിക ശമ്പളം കിട്ടുന്ന വിധത്തിലാണ് വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. നഴ്സിംഗ് മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായുള്ള ബലരാമൻ കമ്മിറ്റി റിപ്പോർട്ട് ലഭ്യമായി. അത് ലേബർ വകുപ്പുമായി ചർച്ച ചെയ്താണ്, ഈ റിപ്പോർട്ടിലെ, നഴ്സുമാരുടെ ശമ്പളം, ജോലി സമയം തുടങ്ങിയ പല കാര്യങ്ങളിലും കാലോചിതമായ മാറ്റം വരുത്തിയത്.

ആരോഗ്യവകുപ്പിനുകീഴിലുള്ള ചികിത്സാകേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിനും എല്ലാവരുടെയും ആരോഗ്യസംബന്ധമായ ഡാറ്റാ, കേന്ദ്രസർവ്വറിൽ സൂക്ഷിക്കുന്നതിനുമായി, കേന്ദ്ര സഹായത്തോടെ 96 കോടി രൂപയുടെ ബൃഹത്പദ്ധതി

സംസ്ഥാനത്ത് ഉടൻ നടപ്പാക്കും. ജീവിതശൈലീരോഗങ്ങളുടെ നിയന്ത്രണം, പകർച്ചവ്യാധി നിരീക്ഷണം, മാതൃ-ശിശു ആരോഗ്യപരിപാലനം, ചികിത്സാ കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ, സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ആരോഗ്യ പരിപാടിയുടെ ആസൂത്രണം മുതലായവയ്ക്ക് മികച്ച പ്രയോജനം ലഭ്യമാക്കുന്ന പദ്ധതിയാണിത്.

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കി. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഭക്ഷണം വിൽക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന മറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ മുതലാവരെല്ലാം കർശനമായി പാലിക്കേണ്ട ഈ നിയമം സംസ്ഥാനത്തുടനീളം ദൂരവ്യാപകമായ സത്ഫലങ്ങൾ ഉളവാക്കി. പുകയിലയും നിക്കോട്ടിനും ചേർത്ത ഗുഡ്ക്കയുടെയും പാൻമസാലയുടെയും നിർമ്മാണം, സംഭരണം, വിതരണം, വില്പന എന്നിവ പൂർണ്ണമായും നിരോധിച്ചു. ഇവയ്ക്ക് നിരോധനം ഏർപ്പെടുത്തിയ രാജ്യത്തെ രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. 57 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ തസ്തികൾ അനുവദിച്ചു. എല്ലാ ജില്ലകളിലും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് അജൂഡിക്കേറ്റിംഗ് ഓഫീസർമാരെ നിയമിച്ചു. പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പർ (18004251125) ഏർപ്പെടുത്തി. ടാങ്കർ ലോറികളിൽ കൊണ്ടുപോകുന്ന കുടിവെള്ളത്തിനും ടാങ്കർ ലോറികൾക്കും മാനദണ്ഡങ്ങൾ ഏർപ്പെടുത്തി ഇവ സംബന്ധിച്ച പരിശോധന കർശനമാക്കി. മത്സ്യ മാംസാദികളുടെ ഗുണനിലവാര പരിശോധന വ്യാപകമാക്കി. ഐസ് ഫാക്ടറികൾക്കും അവയിൽ നിർമിക്കുന്ന ഐസിനും മാനദണ്ഡങ്ങൾ നിശ്ചയിച്ചു. മത്സ്യത്തിൽ ഉപയോഗിക്കുന്ന ഐസിൻെറ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു. ഗവൺമെന്റ് ഫുഡ് സേഫ്റ്റി ലാബുകളെ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## കേരളത്തെ ആയുർവേദത്തിൻെറ തലസ്ഥാനമാക്കാൻ ഊർജ്ജിത കർമ്മ പരിപാടി

ആയുർവേദത്തിന്റെ അനന്തസാധ്യതകൾ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനുള്ള പരിശ്രമത്തിലാണ് സംസ്ഥാന സർക്കാർ. കേരളത്തിന്റെ തനത് ചികിത്സാ ശാസ്ത്രമായ ആയുർവേദത്തെ പരിപോഷിപ്പിക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. പുതിയ 48 സ്ഥിരം ആയുർവേദ ഡിസ്പെൻസറികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചു. 2013-14 സാമ്പത്തിക വർഷം പുതുതായി 25 ആയുർവേദ ഡിസ്പെൻസറികൾ കൂടി ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ആയുർവേദ വകുപ്പിൽ 200 പുതിയ തസ്തികകൾ സൃഷ്ടിച്ചു. കോളേജുകളിലെ അധ്യാപകക്ഷാമം പരിഹരിച്ചു. വർഷങ്ങളായി താത്ക്കാലിക നിയമനത്തിൽ നിലനിർത്തിവന്ന അധ്യാപകരുടെ 40 തസ്തികകളിൽ സ്ഥിരനിയമനം നടത്തി. അധ്യാപകർക്ക് യു.ജി.സി സ്കെയിൽ അനുസരിച്ചുള്ള ശമ്പളം അനുവദിച്ചു. പെൻഷൻപ്രായം 60 ആക്കി. ആയൂർവേദവകുപ്പിലെ താൽക്കാലിക ജീവനക്കാർക്കെല്ലാം വേതനവർധനവ് ഏർപ്പെടുത്തി. റേഷ്യോ പ്രൊമോഷൻ വഴി 41 ആശുപത്രികളിലെ മെഡിക്കൽ ഓഫീസർ തസ്തികകൾ, ചീഫ് മെഡിക്കൽ ഓഫീസർ തസ്തികകളാക്കി മാറ്റിക്കൊണ്ട് ജീവനക്കാരുടെ പ്രൊമോഷൻ സാധ്യത വർധിപ്പിച്ചു. പി.ജി. വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് വർധിപ്പിച്ചു. 22.43 കോടി രൂപയുടെ ആയുഷ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ 67 ആയുർവേദ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. 14 ജില്ലാ ആയുർവേദ ആശുപത്രികളിലും എക്സ്റേ, ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തി.

വിവിധ വിഭാഗം ചികിത്സാ സൗകര്യങ്ങൾ ഒന്നിക്കുന്ന രണ്ട് ആയുഷ് കേന്ദ്രങ്ങൾ നെയ്യാറ്റിൻകരയിലും പൂന്തുറയിലുമായി സ്ഥാപിക്കുവാൻ നടപടികൾ ആരംഭിച്ചു. നെയ്യാറ്റിൻകരയിൽ ആയുഷ് കോംപ്ലക്സിന് ശിലയിട്ടു. ഔഷധിയിലൂടെ മരുന്ന് ഉൽപ്പാദനവും വിതരണവും കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചു. മലപ്പുറം കോട്ടയ്ക്കലിൽ ആയൂർവേദ

മെഡിക്കൽ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 2 കോടി രൂപ ചെലവിൽ കൊല്ലം, കോട്ടയം ആയുർവേദ ജില്ലാ ആശുപത്രികളുടെ പേവാർഡുകൾ, കൊല്ലം ആയുർവേദ ആശുപത്രി ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിന് മന്ദിര സമുച്ചയത്തിന് തറക്കല്ലിട്ടു.

ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയ്ക്കുവേണ്ടി, ആയൂഷ് ഫണ്ട്, ഉപയോഗിച്ച് അഞ്ചുകോടിരൂപ ചെലവിൽ നിർമ്മിക്കുന്ന പുതിയ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കണ്ണൂർ റീജിയണുകളിൽ ആയുർവേദ സ്പോർട്സ് യൂണിറ്റുകൾക്കായി പ്ലാൻ ഫണ്ടിൽനിന്നും 2.5 കോടി രൂപ അനുവദിച്ചു. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കണ്ണൂർ ആയുർവേദ കോളേജിൽ ഒരു കോടി രൂപ ചെലവിൽ ജെറിയാട്രിക് വാർഡ് പ്രവർത്തനസജ്ജമാക്കി. തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവേദ കോളേജുകളിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടത്തി. ആയുർവേദ വിദ്യാഭ്യാസഗുണമേന്മ ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

സ്കൂൾ ഹെൽത്ത് പ്രോഗ്രാമായ 'ബാലമുകുളം', ആയൂർമിത്രം പദ്ധതികൾ വമ്പിച്ച ജനപ്രീതി നേടി. താളിയോലകൾ കണ്ടെടുത്ത്, ഔഷധയോഗങ്ങളെക്കുറിച്ചുള്ള ബൃഹത് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. എൻ.ആർ.എച്ച്.എം-ന്റെ 191 ആയുർവേദ ഡിസ്പെൻസറികൾ, 15 യുനാനി ഡിസ്പെൻസറികൾ, 17 സിദ്ധ ഡിസ്പെൻസറികൾ എന്നിവ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു.

ആയുർവേദ വിഭാഗത്തിലെ ലൈസൻസിംഗ് പൂർണ്ണമായും കമ്പ്യൂട്ടർ വത്കരണത്തിന് നടപടികൾ സ്വീകരിച്ചു. നാല് ആയൂർവേദ ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചു. ആയൂർവേദ ക്ലിനിക്കൽ സ്റ്റഡി സെന്റർ തുടങ്ങുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ആയുർവേദ മരുന്ന് നിർമ്മാണ മേഖലയ്ക്ക് ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലകളിലും ഔഷധസസ്യത്തോട്ടങ്ങൾ നിർമ്മിക്കുവാൻ നടപടികളാരംഭിച്ചു. സ്ഥലസൗകര്യമുള്ള എല്ലാ സ്കൂളുകളിലും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിക്കും രൂപം നൽകി. ഗൃഹാങ്കണത്തിൽ അശോകവും ചന്ദനവും എന്ന, സംസ്ഥാന ഔഷധസസ്യബോർഡിന്റെ ബൃഹത് പദ്ധതിക്കും തുടക്കമായി. കേരളത്തെ ആയുർവേദത്തിന്റെ തലസ്ഥാനമാക്കുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ട് നീങ്ങുന്നത്. ആയുർവേദത്തിന്റെ മഹത്വവും സമകാലിക പ്രസക്തിയും ഉൾക്കൊണ്ടുകൊണ്ട് ആയുർവേദത്തെ, കേരളത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനുള്ള മേഖലയായി വികസിപ്പിക്കുവാൻ ഈ സർക്കാർ സാധ്യമായതെല്ലാം ചെയ്യുന്നുണ്ട്. ഇതിനായി വളരെ ക്രിയാത്മകമായ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്.

## ഹോമിയോപ്പതിരംഗത്ത് സമഗ്രവികസനം

ശാസ്ത്രീയവും സുരക്ഷിതവും ലളിതവും ചെലവു കുറഞ്ഞതുമായ ഹോമിയോപ്പതി ചികിത്സാ രീതിയുടെ സാധ്യതകൾ പരമാവധി വിനിയോഗിക്കുന്നതിനുള്ള കൂടുതൽ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. സംസ്ഥാന വ്യാപകമായി 60 ഹോമിയോ ഡിസ്പെൻസറികൾ ഇതിനകം ആരംഭിച്ചു. 50 എണ്ണം ഉടൻ ആരംഭിക്കും. 14 ജില്ലകളിലും 'സീതാലയം' വനിതാ ആരോഗ്യ കേന്ദ്രങ്ങൾ തുറന്നു. ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും ചികിത്സിച്ചുമാറ്റുന്നതിനുമായി തിരുവനന്തപുരത്തും കോഴിക്കോടും ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിച്ചു. മരുന്ന് വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി വാഹനസൗകര്യത്തോടുകൂടിയ 4 റീജിയണൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചു. കാസറഗോഡ് എൻഡോസൾഫാൻ ബാധ്യത മേഖലയിൽ സ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക്ക് ആരംഭിച്ചു.

ആലപ്പുഴയിൽ ജെറിയാട്രിക്സിലും, ഇടുക്കിയിൽ തൈറോയ്ഡിലും, തൃശ്ശൂരിൽ അഡോളസന്റ് ഹെൽത്ത് കെയറിലും കണ്ണൂരിൽ മാതൃശിശു പരിചരണത്തിലും സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ ആരംഭിച്ചു. പട്ടികജാതി കോളനികളിൽ 29 ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങി.

ഓരോ ജില്ലയിലേയും രണ്ട് ഡിസ്പെൻസറികളെ മാതൃകാ ഡിസ്പെൻസറികളായി ഉയർത്തി. തൃശ്ശൂരിൽ കൗമാരപ്രായക്കാർക്കായുള്ള ഹെൽത്ത് കെയർ സെന്ററുകൾ ആരംഭിച്ചു. കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ റിസർച്ച് ലാബിന്റെയും തിരുവനന്തപുരം ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ ക്യാൻസർ കെയർ യൂണിറ്റിന്റെയും നിർമ്മാണം പൂർത്തിയായി. 10 കിടക്കകളോടുകൂടിയ രണ്ട് ആശുപത്രികൾ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചു. പകർച്ചവ്യാധി നിയന്ത്രണ പരിപാടി, വിദ്യാലയാരോഗ്യ പദ്ധതി മുതലായവ ശ്രദ്ധേയമായ രീതിയിൽ പുരോഗമിക്കുകയാണ്. സാന്ത്വന പരിചരണരംഗത്തും ഹോമിയോപ്പതി വകുപ്പ് നിർണ്ണായകമായ സംഭാവനകൾ നൽകിവരുന്നുണ്ട്.

സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്ത്, മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാവുന്ന ഒട്ടേറെക്കാര്യങ്ങൾ വകുപ്പ് ചെയ്തുവരികയാണ്. 611 ഹോമിയോ ഡിസ്പെൻസറികൾ, 30 ആശുപത്രികൾ, 340 എൻആർഎച്ച്എം ഡിസ്പെൻസറികൾ, പട്ടികജാതി മേഖലയിലെ 29 താൽക്കാലിക ഡിസ്പെൻസറികൾ എന്നിവയിലൂടെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് നിർണ്ണായക പങ്കാണ് വകുപ്പ് വഹിക്കുന്നത്. 14 ആശുപത്രികളിലായി 14 ആർ.എം.ഒ തസ്തികകൾ സൃഷ്ടിച്ചു. സി.എസ്.എസ് പദ്ധതിയിലുൾപ്പെടുത്തി 1175 ലക്ഷം രൂപ ചെലവിൽ 30 ആശുപത്രികളുടെയും 7 ലക്ഷം രൂപ ചെലവിൽ 70 ഡിസ്പെൻസറികളുടെയും നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 3 ഹോമിയോ ആശുപത്രികൾക്കുവേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സീതാലയം പദ്ധതി വിപുലപ്പെടുത്തുന്നതിനും 9.8 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്.

## ആരോഗ്യമേഖലയ്ക്ക് മുന്തിയ പരിഗണന

2013-14 സംസ്ഥാന ബഡ്ജറ്റിൽ ആരോഗ്യമേഖലയ്ക്ക് 541 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13 വർഷത്തേതിനേക്കാൾ 11.5 ശതമാനം വർദ്ധനവോടെയുള്ള പരിഗണനയാണ് ആരോഗ്യവകുപ്പിന് ലഭിച്ചിട്ടുള്ളത്. മറ്റു വിവിധ വകുപ്പുകൾ ആരോഗ്യമേഖലയിൽ മുടക്കുന്ന കോടിക്കണക്കിന് രൂപ ഇതിനുപുറമേയാണ്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്നതിന് നടപടികളാരംഭിച്ചു.

അത്യാഹിത വിഭാഗങ്ങളില്ലാത്ത 31 താലൂക്ക് ആശുപത്രികളിൽ അവ ആരംഭിക്കും. 63 താലൂക്ക് ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററുകൾ തുടങ്ങും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കടാവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്, ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്, തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയാക്-കാർഡിയോളജി ബ്ലോക്ക്, ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാകെയർ യൂണിറ്റ് എന്നിവ നിർമ്മിക്കും. തിരുവനന്തപുരത്തും കോഴിക്കോടും കൊച്ചിയിലും മെഡി സിറ്റികൾ സ്ഥാപിക്കും. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ടെർഷ്യറി കെയർ സംവിധാനം ഏർപ്പെടുത്തും. മദ്ധ്യകേരളത്തിൽ ഒരു ക്യാൻസർ ആശുപത്രി കൂടി ആരംഭിക്കും. ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലാ ആശുപത്രികളിൽ ക്യാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കും. സംസ്ഥാനത്തെ ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തും.

പകർച്ചവ്യാധി നിയന്ത്രണം ലക്ഷ്യമാക്കി കേന്ദ്ര സഹായത്തോടെ പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി സ്ഥാപിക്കും. സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിലും പ്രത്യേക പൊള്ളൽ ചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കും. എൻഡോസൾഫാൻ ദുരിതബാധിതർക്കായി 15 കോടിരൂപയുടെ പദ്ധതി നടപ്പിലാക്കും. സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും പ്രയോജനകരമാകുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും. ബി.പി.എൽ വിഭാഗക്കാർക്ക് മാത്രം ലഭിച്ചുകൊണ്ടിരിക്കുന്ന ചിസിന്റെ ആനുകൂല്യം മൂന്ന് ലക്ഷംരൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കുകൂടി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയാണ്. ഈ വിഭാഗത്തിന്റെ ഇൻഷ്വറൻസ് പ്രീമിയം സർക്കാർ വഹിക്കും. 70 കോടിരൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള

ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധനാ പദ്ധതി ആരംഭിക്കുന്നതിന് നാല് കോടിരൂപയുടെ പദ്ധതി നടപ്പിലാക്കും. തിരുവനന്തപുരം മുട്ടത്തറയിലും, കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിലും നഴ്സിംഗ് കോളേജുകൾ തുടങ്ങും. തിരുവനന്തപുരത്ത് "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്വാളിറ്റി ആന്റ് സേഫ്റ്റി ഇൻ ഹെൽത്ത്" എന്ന സ്ഥാപനം ആരംഭിക്കും. തിരുവനന്തപുരം ഡെന്റൽ കോളേജിൽ വിമൻസ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കും.

ആയുർവേദ ആശുപത്രികളുടെ നവീകരണത്തിന് 4.5 കോടിരൂപയുടെയും ഹോമിയോ ആശുപത്രികളുടെ നവീകരണത്തിന് 5.6 കോടിരൂപയുടെയും പദ്ധതി നടപ്പാക്കും. വർക്കല പ്രകൃതി ചികിത്സാ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തും. ടൈപ്പ്-2 പ്രമേഹ രോഗികൾക്ക് ഭാരതീയ ചികിത്സാരീതിയിൽ പ്രത്യേക പരിചരണം നൽകുന്നതിന് നെയ്യാറ്റിൻകര ജനറൽ ആയുർവേദ ആശുപത്രി, കൊല്ലം ജില്ലാ ആയുർവേദ ആശുപത്രി, എറണാകുളം ജില്ലാ ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ 'ജീവനി' പദ്ധതി നടപ്പിലാക്കുകയാണ്. നേത്ര രോഗങ്ങൾക്ക് വിധേയരായ കുട്ടികൾക്ക് പ്രത്യേക ചികിത്സ ലഭ്യമാക്കുന്ന 'ദൃഷ്ടി' പദ്ധതി തൃശ്ശൂരിലെ രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രിയിലും ഇരിങ്ങാലക്കുട ആയുർവേദ ആശുപത്രിയിലും ആരംഭിക്കും. പാരമ്പര്യ വിജ്ഞാനം പരിരക്ഷിക്കുന്നതിന് ബൗദ്ധിക സ്വത്തവകാശങ്ങൾ സംരക്ഷിക്കുന്നതിനും നിയമനിർമ്മാണം നടത്തും. പാരമ്പര്യ വിജ്ഞാന സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേന്ദ്രസഹായത്തോടെ ഒരു കോടിരൂപയുടെ പദ്ധതി നടപ്പിലാക്കും. അലോപ്പതി-ആയുർവേദ-ഹോമിയോ സംവിധാനങ്ങൾ പ്രൈമറിതലത്തിൽ ഏകോപിപ്പിച്ച് ഹോളിസ്റ്റിക് ക്ലിനിക്കുകൾ ആരംഭിക്കും.

## ദിശാബോധത്തോടെ ദേവസ്വം വകുപ്പ്

ശബരിമല തീർത്ഥാടനം അപകടരഹിതവും, മാലിന്യരഹിതവും, ചൂഷണരഹിതവുമാക്കി. മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിൽ അതീവ ജാഗ്രത പുലർത്തിവരികയാണ്. 2011-12 സാമ്പത്തിക വർഷം മാസ്റ്റർ പ്ലാൻ പദ്ധതികൾക്കായി 15 കോടി രൂപയും, സീറോ വേസ്റ്റ് ശബരിമലക്ക് 5 കോടി രൂപയും അനുവദിച്ചു. 2012-13 വർഷം മാസ്റ്റർ പ്ലാനിനുവേണ്ടി 25 കോടി രൂപയാണ് അനുവദിച്ചത്. 2013-14 ലെ ബഡ്ജറ്റിൽ 25 കോടി രൂപ ശബരിമല മാസ്റ്റർ പ്ലാനിനും, 5 കോടി രൂപ സീറോ വേസ്റ്റ് ശബരിമലക്കും വകകൊള്ളിച്ചിട്ടുണ്ട്. ഒട്ടേറെ വികസനപ്രവർത്തനങ്ങൾ ഇതിനകം ശബരിമലയിൽ നടത്തി കഴിഞ്ഞു. രണ്ട് ക്യൂകോംപ്ലക്സുകൾ, ബെയ്‌ലി ബ്രിഡ്ജ്, എട്ട് നടപ്പന്തലുകൾ, സ്വാമി അയ്യപ്പൻ റോഡിന്റെ പുനരുദ്ധാരണം, പമ്പ മണപ്പുറത്തിന്റെ നവീകരണം, പമ്പയിൽ പുതിയ സർവ്വീസ് റോഡ് നിർമ്മാണം, നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിലെ സൗകര്യവികസനം മുതലായവ ഇക്കൂട്ടത്തിൽപ്പെടുന്നു.

സന്നിധാനത്തും പമ്പയിലും വർഷങ്ങളായി കെട്ടിക്കിടന്നിരുന്ന മാലിന്യങ്ങൾ നീക്കം ചെയ്തു. ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി. ശബരിമലയുമായി ബന്ധപ്പെട്ട റോഡുകൾ നവീകരിച്ചു. കുടിവെള്ള വിതരണത്തിന് പമ്പയിൽനിന്നും സമാന്തര പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിന്റെ ഭൂരിഭാഗം ജോലികളും പൂർത്തിയാക്കി. പോലീസ് മെസ്സിന് 1 കോടി 10 ലക്ഷം രൂപ അനുവദിച്ചു. ആരോഗ്യ വകുപ്പിന് ടി.എ നൽകാൻ തുക അനുവദിച്ചു. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് 'സേഫ് സോൺ' പദ്ധതി നടപ്പിലാക്കി. സുരക്ഷാ സംവിധാനം ശക്തമാക്കി. ദേശീയോദ്ഗ്രഥനത്തിനും മതസൗഹാർദ്ദത്തിനും മികച്ച സംഭാവന നൽകുന്നവർക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഈ വർഷത്തെ ഹരിവരാസനം അവാർഡ് പ്രശസ്ത സംഗീതജ്ഞനായ കെ.ജി. ജയന് സമ്മാനിച്ചു.

അടുത്ത സീസണുമുമ്പ് ഏറ്റെടുത്ത് നടത്തുന്ന മാസ്റ്റർ പ്ലാൻ ജോലികളുടെ ഭാഗമായി സന്നിധാനത്തെ വലിയ നടപ്പന്തലിന് രണ്ടാം നില നിർമ്മിക്കും. ശബരിമലയിലെ കുടിവെള്ള സംവിധാനം മെച്ചപ്പെടുത്താൻ കുന്നാർ ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കും. പമ്പയിൽ നിന്നുള്ള സമാന്തര പൈപ്പ്ലൈൻ പൂർണ്ണമായും പ്രവർത്തന സജ്ജമാകും. ശബരിമലയിൽ

സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കും. പമ്പയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കും. നിലയ്ക്കലിൽ പാർക്കിംഗ് സൗകര്യവും മറ്റ് ക്രമീകരണങ്ങളും വിപുലമാക്കും. പുതിയ അപ്പം, അരവണ കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കും.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഇതിനായി 230 പോലീസുകാരുടെ അധിക തസ്തിക സൃഷ്ടിച്ചു. 10 കോടിരൂപ ചെലവിൽ ആധുനിക സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിച്ചു. ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തി. അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചു. ഗുരുവായൂർ ക്ഷേത്ര വികസനത്തിന് സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ തീരുമാനിച്ചു. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഗുരുവായൂർ ക്ഷേത്ര പരിസരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിനുള്ള ഗ്രാന്റ് 20 കോടിരൂപയിൽ നിന്നും 22 കോടിരൂപയായി ഉയർത്തി. ക്ഷേത്രക്കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് വിപുലമായ പദ്ധതി തയ്യാറാക്കി. ഇതിനായി 2011-12 ൽ 5 കോടിരൂപ അനുവദിച്ചു. 2013-14 ൽ 5 കോടിരൂപ കൂടി വകകൊള്ളിച്ചിട്ടുണ്ട്. ക്ഷേത്രംവക ഭൂമി അന്യാധീനപ്പെടുന്നത് തടയാനും, അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനുമായി എല്ലാ ദേവസ്വം ബോർഡുകൾക്കും കീഴിൽ പ്രത്യേക സെല്ലുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിനുവേണ്ടി റവന്യൂ വകുപ്പുമായിച്ചേർന്ന് കർമ്മ പദ്ധതി തയ്യാറാക്കിവരികയാണ്. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ സ്വർണ്ണം, വെള്ളി, വിലപിടിപ്പുള്ള മറ്റ് വസ്തുക്കൾ എന്നിവ തിട്ടപ്പെടുത്തി ഇൻവെന്ററി തയ്യാറാക്കുന്ന പദ്ധതിക്കും തുടക്കം കുറിച്ചു.

.................

Unnikrishnan Kunnath
Press Secretary to Health Minister
9946105965